**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1370** **14-03-2022 - ൽ മറുപടിയ്ക്ക്**

**ഖാദർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഘടനാ മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഖാദർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഘടനാമാറ്റം ഉടൻ നടപ്പാക്കുന്നുണ്ടോ; | (എ) | ഖാദർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഘടനാ മാറ്റങ്ങളുടെ നടപടിയുടെ ഭാഗമായി 3 ഡയറക്ടറേറ്റുകളും ഏകോപിപ്പിച്ച് ഡയറക്ടറേറ്റ് ഓഫ് ജനറൽ എഡ്യൂക്കേഷൻ എന്ന പൊതു സംവിധാനം നിലവിൽ വന്നു. റിപ്പോർട്ടിന്മേലുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ജില്ല, വിദ്യാഭ്യാസ ജില്ല ,ഉപജില്ല ഓഫീസുകളിൽ നിലവിലുള്ള സംവിധാനങ്ങളിൽ എന്ത് മാറ്റമാണ് വരിക; | (ബി) | ഖാദർ കമ്മിറ്റി റിപ്പോർട്ട് പ്രകാരം പ്രീസ്കൂൾ മുതൽ 12-ാം ക്ലാസ് വരെയുള്ള വിദ്യാഭ്യാസം ഒരു ഓഫീസിന്റെ പരിധിക്കകത്ത് വരുന്നതിനാൽ റവന്യൂ ജില്ലാതല വിദ്യാഭ്യാസ ഓഫീസാണ് ശിപാർശ ചെയ്തിരിക്കുന്നത്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഹൈസ്കൂൾ അദ്ധ്യാപകരുടെ പ്രൊമോഷൻ തസ്തികകൾ ഇല്ലാതാകുമോ ; എങ്കിൽ നിയമനം എങ്ങനെയായിരിക്കും; | (സി) | 3 വകുപ്പുകളുടെയും ലയനം പൂർണ രൂപത്തിലാകാത്ത സാഹചര്യത്തിൽ പ്രസ്തുത വിഷയം നിലവിൽ ശ്രദ്ധയിൽ വന്നിട്ടില്ല. ലയനവുമായി ബന്ധപ്പെട്ട് സ്പെഷ്യൽ റൂൾ നിലവിൽ വന്നതിന് ശേഷം മാത്രമേ പ്രസ്തുത വിഷയം പരിശോധിക്കുവാൻ സാധിക്കുയുള്ളൂ. |
| (ഡി) | മികവിനായുള്ള വിദ്യാഭ്യാസം നടപ്പാക്കാൻ എന്തൊക്കെ അക്കാദമിക പരിഷ്കാരങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്? | (ഡി) | 1.സാമൂഹികനീതിയും അവസര തുല്യതയും അടിസ്ഥാനമാക്കിയുള്ള ഗുണമേന്മാ വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ലഭ്യമാക്കുക 2.സമഗ്രമായ പാഠ്യപദ്ധതി പരിഷ്കരണം 3.നിലവിൽ തയ്യാറാക്കിയ സ്കൂൾ തല മാസ്റ്റർ പ്ലാനുകൾ പുനർവായന നടത്തി മെച്ചപ്പെടുത്തുക 4.ഓരോ കുട്ടിയ്ക്കും ആവശ്യമായ പിന്തുണയും പ്രോത്സാഹനവും നൽകുന്നതിന് സഹായകമാകുന്ന മെന്ററിങ് പദ്ധതി കൂടുതൽ വിപുലീകരിക്കുക 5.സ്കൂളുകളിൽ നിലവിൽ ലഭ്യമായിട്ടുള്ള ഡിജിറ്റൽ ഉപകരണങ്ങളുടെ പരിപാലനവും ഉപയോഗവും ഫലപ്രദമാക്കുന്നതിനുള്ള സംവിധാനം ഒരുക്കുക 6.കുട്ടികളുടെ കലാസാംസ്കാരിക കായിക വിദ്യാഭ്യാസത്തിന് പ്രത്യേക ഊന്നൽ നൽകുക 7.അക്കാദമിക മികവ് |

| | | | |
|---|---|---|---|
| | | | വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക 8.അധ്യാപകരുടെ പ്രൊഫഷണലിസം വികസിപ്പിക്കാനുതകുന്ന പ്രായോഗിക പരിശീലന പദ്ധതികൾ നടപ്പാക്കുക 9.അക്കാദമിക മോണിറ്ററിങ് സംവിധാനം വികസിപ്പിക്കുക 10.സമൂഹത്തെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തുന്നതിന് കൂടുതൽ ജനകീയ ഇടപെടലുകൾ ഉറപ്പുവരുത്തുക 11.സ്കൂൾ ക്യാമ്പസുകൾ ഹരിതാഭമാക്കുന്നതിനും ശുചിത്വം ഉറപ്പുവരുത്തുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിക്കുക 12.കുട്ടികളുടെ വായനാശീലം വർദ്ധിപ്പിക്കുന്നതിനായി സ്കൂൾ ക്ലാസ്സ് ലൈബ്രറികൾ മെച്ചപ്പെടുത്തുക. |

സെക്ഷൻ ഓഫീസർ